# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5782

### 19-11-2019 ൽ മറുപടിക്ക്

**പ്രവാസികൾക്കായി കിഫ്ബി വഴി നിക്ഷേപപദ്ധതി**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) പ്രവാസികൾക്കായി കിഫ്ബി വഴി നിക്ഷേപപദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;<br>(ബി) നിക്ഷേപത്തിനുള്ള പലിശ ഏത് രീതിയിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | പ്രവാസികൾക്കായി കിഫ്ബി വഴി നിക്ഷേപപദ്ധതി വിഭാവനം ചെയ്തിട്ടില്ല. എന്നാൽ 02.09.2019 ലെ സ.ഉ. (കൈ) നം.12/2019/നോർക്ക പ്രകാരം, പ്രവാസി മലയാളികൾക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കുന്ന രീതിയിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. പ്രവാസികൾ ഒരു നിശ്ചിത തുക പ്രവാസി ക്ഷേമ ബോർഡ് മുഖേന നിക്ഷേപിക്കുമ്പോൾ മൂന്ന് വർഷത്തിനു ശേഷം പ്രവാസിക്കോ അയാളുടെ അവകാശിക്കോ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക മാസ വരുമാനമായി നൽകുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ പദ്ധതിയിൻകീഴിൽ നിക്ഷേപം സ്വീകരിക്കുന്നതിലേക്കായി സർക്കാരിനാൽ നിശ്ചയിച്ചിട്ടുള്ള ഏജൻസി മാത്രമാണ് കിഫ്ബി. നിക്ഷേപത്തിന് നിലവിൽ 10% പലിശ നൽകുവാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ 9% കിഫ്ബിയും ഒരു ശതമാനം പലിശ സർക്കാരും നൽകും. |

സെക്ഷൻ ഓഫീസർ